പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

.......................................

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 651

05.06.2018 - ൽ മറുപടിക്ക്.

## ഉടമസ്ഥവകാശം കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഫെയർ വാല്യൂ

.......................

ചോദ്യം
ശ്രീ.കെ.എൻ.എ ഖാദർ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പ് മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) വാണിജ്യാവശ്യങ്ങൾക്കായി ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന ഭൂമിക്ക് വ്യവസായ വകുപ്പ് ഫെയർ വാല്യൂ നിശ്ചയിക്കുന്നതിന്റെ രീതി അറിയിക്കാമോ; | (എ) : | 30/03/2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 17/2016/ഐഡി പ്രകാരമാണ് വ്യവസായ വകുപ്പിനു കീഴിൽ ലീസ് പ്രകാരം ഭൂമി അനുവദിക്കുന്നത്. ഇതു പ്രകാരം സ്ഥലവില നിശ്ചയിക്കുന്നത് ഫെയർ വാല്യൂ അടിസ്ഥാനമാക്കിയാണ്. വ്യവസായ വികസന ഏരിയ/വികസന പ്ലോട്ടിന് ചുറ്റുമുള്ള സർവ്വേ നമ്പരുകൾ കണ്ടെത്തി അവയിൽ ഏറ്റവും ഉയർന്ന ഫെയർ വാല്യൂ പ്രസ്തുത വ്യവസായ വികസന ഏരിയ/വികസന പ്ലോട്ടിന്റെ ഫെയർ വാല്യൂ ആയി നിശ്ചയിക്കുന്ന രീതിയാണ് നിലവിലുള്ളത്. |
| (ബി) വർഷങ്ങൾക്ക് മുമ്പ് ചെറിയ തുകയിൽ വാണിജ്യാവശ്യത്തിന് ഉടമസ്ഥാവകാശം നൽകിയ ഭൂമിയിൽ വ്യവസായങ്ങൾ തുടങ്ങിയ ശേഷം ഉടമസ്ഥാവകാശം മാറ്റാൻ അപേക്ഷ ലഭിക്കുമ്പോൾ വൻതുക ഫെയർ വാല്യൂ നിശ്ചയിക്കുന്നതു കാരണം സംരംഭകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) : & (സി) | ഉണ്ട്.<br>ഇത് സംബന്ധിച്ച് നിലവിലുള്ള നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ.

ജെ/04/05